"ഭരണഭാഷ – മാതൃഭാഷ"
കേരള സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33
ഫോൺ : 0471-2303856, ഇമെയിൽ : cru.dttvpm@kerala.gov.in

---

നം. ഡി റ്റി/5873/2025-ജി1 തീയതി: 19-11-2025

---

## വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - പരീക്ഷാ വിഭാഗം - അഖിലന്ത്യാ ട്രേഡ് ടെസ്റ്റ് (Leftover / Supplementary) 2025 ഡിസംബർ – 2021 - 2023 കാലയളവിൽ പ്രവേശനം നേടിയ രണ്ട് വർഷ ട്രേഡുകളുടെ രണ്ടാം വർഷത്തേയും, 2022 മുതൽ പ്രവേശനം നേടിയ ആറു മാസ ട്രേഡുകളിലേയും, ഒരു വർഷ ട്രേഡുകളിലേയും, രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷത്തേയും രണ്ടാം വർ ഷത്തേയും പരീക്ഷകൾ എഴുതി പരാജയപ്പെട്ട (റഗുലർ/ പ്രൈവറ്റ്) ട്രെയിനികളിൽ നിന്നും സപ്ലിമെൻററി പരീക്ഷയ്ക്കും / അതേ കാലയളവിലെ ലെഫ്റ്റ്ഓവർ ട്രെയിനികളിൽ നിന്നും ലെഫ്റ്റ്ഓവർ പരീക്ഷയ്ക്കും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന: ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ 14/11/2025 തീയതിയിലെ DGT-18011/4/2023-O/o DIR (TT) (FTS no. E-62494) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ റ്റി ഐകളിലെ എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ, 2021 - 2023 കാലയളവിൽ പ്രവേശനം നേടിയ രണ്ട് വർഷ ട്രേഡുകളുടെ രണ്ടാം വർഷത്തേയും, 2022 മുതൽ പ്രവേശനം നേടിയ ആറു മാസ ട്രേഡുകളിലേയും, ഒരു വർഷ ട്രേഡുകളിലേയും, രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷത്തേയും രണ്ടാം

വർഷത്തേയും പരീക്ഷകൾ എഴുതി പരാജയപ്പെട്ട (റഗുലർ/ പ്രൈവറ്റ്) ട്രെയിനികളിൽ നിന്നും സപ്ലിമെൻററി പരീക്ഷയ്ക്കും / അതേ കാലയളവിലെ ലെഫ്റ്റ്ഓവർ ട്രെയിനികളിൽ നിന്നും ലെഫ്റ്റ്ഓവർ പരീക്ഷയ്ക്കും പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ **05/12/2025** തീയതി വൈകുന്നേരം **5.00** മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ഐ റ്റി ഐ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

| പരീക്ഷാ ഫീസ് | | | |
|---|---|---|---|
| ക്രമ നമ്പർ | വിഭാഗം | വിഷയം | ഫീസ് |
| **1** | റഗുലർ/ സപ്ലിമെൻററി പരീക്ഷ എഴുതി പരാജയപ്പെട്ട റഗുലർ ട്രെയിനികൾ | പ്രാക്ടിക്കൽ | **170** രൂപ |
| | | **CBT** | **213** രൂപ |
| **2** | റഗുലർ/സപ്ലിമെൻററി പരീക്ഷ എഴുതി പരാജയപ്പെട്ട പ്രൈവറ്റ് ട്രെയിനികൾ | പ്രാക്ടിക്കൽ | **1105** രൂപ |
| | | **CBT** | **213** രൂപ |

ഡി ജി റ്റി, **CBT** ഫീസിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ അത് പിന്നാലെ അറിയിക്കുന്നതും ടി തുക കൂടി ഫീസ് ഇനത്തിൽ അടയ്ക്കേണ്ടതുമാണ്.

ഡി ജി റ്റിയിൽ നിന്നുള്ള നിർദ്ദേശപ്രകാരം **SIDH** പോർട്ടലിൽ ഫീസ് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ട അവസാന തീയതി **08/12/2025** ആണ്. ആയതിനാൽ അത് അനുസരിച്ച് ട്രെയിനികളിൽ നിന്നും അപേക്ഷയും ഫീസും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓരോ ഐ റ്റി ഐ പ്രിൻസിപ്പാൾമാരും മുൻകൂട്ടി തന്നെ സ്വീകരിക്കേണ്ടതാണ്.

## യോഗ്യതയും നിർദ്ദേശങ്ങളും

ചുവടെ പരാമർശിച്ചിരിക്കുന്ന ട്രെയിനികൾക്ക് 2025 ഡിസംബറിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് സപ്ലിമെൻററി/ലെഫ്റ്റ്ഓവർ പരീക്ഷയ്ക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കാവുന്നതാണ്.

എ) 2021 - 2023 കാലയളവിൽ പ്രവേശനം നേടിയ രണ്ട് വർഷ ട്രേഡുകളുടെ രണ്ടാം വർഷത്തേയും, 2022 മുതൽ പ്രവേശനം നേടിയ ആറു മാസ ട്രേഡുകളിലേയും, ഒരു വർഷ ട്രേഡുകളിലേയും, രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷത്തേയും രണ്ടാം വർഷത്തേയും പരീക്ഷകൾ എഴുതി പരാജയപ്പെട്ട (റഗുലർ/ പ്രൈവറ്റ്) ട്രെയിനികൾക്ക് സപ്ലിമെൻററി പരീക്ഷയ്ക്കും അതേ കാലയളവിലെ ലെഫ്റ്റ്ഓവർ ട്രെയിനികൾക്ക് ലെഫ്റ്റ്ഓവർ പരീക്ഷയ്ക്കും പങ്കെടുക്കാവുന്നതാണ്.

ബി) CBT പരീക്ഷയുടെ വിശദമായ സമയക്രമ പട്ടിക ഡി.ജി.റ്റിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഐ റ്റി ഐകളെ അറിയിക്കുന്നതാണ്.

സി) പ്രാക്ടിക്കൽ പരീക്ഷയ്ക്കും, CBT പരീക്ഷയ്ക്കും ട്രെയിനികൾക്ക് വെവ്വേറെ ഹാൾ ടിക്കറ്റുകളാണ് പോർട്ടലിൽ നിന്നും ലഭിക്കുന്നത്. ട്രെയിനികളുടെ പ്രൊഫൈൽ ഐ.ഡി വഴിയും ഐ റ്റി ഐയുടെ Creator ഐ.ഡി വഴിയും ഹാൾ ടിക്കറ്റ് ലഭ്യമാകുന്നതാണ്.

ഡി) സപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷാ ഫീസ് ' 0230-00-800-88-00-00-00-N-V-Other items-Dir of Emplmt and Trg' എന്ന ശീർഷകത്തിൽ ട്രഷറിയിൽ നേരിട്ടോ ഇ-ട്രഷറി മുഖേനയോ അടയ്ക്കേണ്ടതും, CBT ഫീസ് ട്രെയിനികളിൽ നിന്നും ശേഖരിച്ച ശേഷം ഒരുമിച്ച് ഒറ്റ തവണയായി SIDH പോർട്ടലിൽ ഐ റ്റി ഐകളുടെ Creator -ൽ ലഭ്യമായ bulk fee payment link വഴി അടയ്ക്കേണ്ടതുമാണ്.

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

**i)** പ്രാക്ടിക്കൽ ഫീസ് ഉൾപ്പെടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പരിശീലനം നേടിയ സ്ഥാപനത്തിലെ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**ii)** മുൻ പരീക്ഷയ്ക്ക് ലഭിച്ച ഹാൾടിക്കറ്റിൻറെ പകർപ്പ് / പോർട്ടലിൽ നിന്നും ലഭിച്ച മാർക്ക് ലിസ്റ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം

**iii)** ഒരിക്കൽ അടച്ച പരിക്ഷാ ഫീസ് യാതൊരു കരാണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

**iv)** മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുമ്പായി **110/-** രൂപ, ജാമ്യ നിക്ഷേപ തുകയായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും, പരീക്ഷയ്ക്ക് ശേഷം ബാധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം പ്രസ്തുത തുക തിരികെ കൈപ്പറ്റേണ്ടതുമാണ്.

## പ്രിൻസിപ്പാൾമാർക്കുള്ള നിർദ്ദേശങ്ങൾ

1. **SIDH** പോർട്ടലിൽ ലഭ്യമായ ഡാറ്റ പരിശോധിച്ച് മാത്രമേ ട്രെയിനികളിൽ നിന്ന് സപ്ലിമെൻററി ഫീസ് ഈടാക്കാവൂ.
2. ലെഫ്റ്റ്ഓവർ/ സപ്ലിമെൻററി പരീക്ഷയ്ക്കുള്ള വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന യോഗ്യരായ ട്രെയിനികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
3. ഡി ജി റ്റി അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ പോർട്ടലിൽ **(SIDH)** എലിജിബിലിറ്റി / ഫീസ് സ്റ്റാറ്റസ് എന്നിവ ക്രിയേറ്റ് ചെയ്ത് ആയതിന്റെ സ്ക്രീൻ ഷോട്ട് ഐ റ്റി ഐയിൽ സൂക്ഷിക്കേണ്ടതാണ്.

**VASUDEVAN. P**
**ADDITIONAL DIRECTOR OF TRAINING**

Signed by
Vasudevan P
Date: 19-11-2025 08:47:43